**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5175** **14-03-2023 - ൽ മറുപടിയ്ക്ക്**

**റവന്യൂ വകുപ്പ് ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ അഴിമതി കേസിൽ വകുപ്പ് തല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്; എത്ര പേർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്; എത്ര പേർക്കെതിരെ ശിക്ഷാ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റവന്യൂ വകുപ്പിൽ 281 ജീവനക്കാർക്കെതിരെ അഴിമതി കേസിൽ വകുപ്പ് തല അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട് . 124 പേർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 155 പേർക്കെതിരെ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 72 പേർക്കെതിരെ ശിക്ഷാനടപടി സ്വീകരിച്ചിട്ടുണ്ട് |
| (ബി) | സംസ്ഥാനത്തെ വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള റവന്യൂ വകുപ്പ് ഓഫീസുകൾ അഴിമതി മുക്തമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ലാൻഡ് റവന്യൂ വകുപ്പിൽ സുശക്തമായ ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്.സംസ്ഥാനത്തെ വിവിധ ജില്ലകളെ ഉൾപ്പെടുത്തി മേഖലകളായി തിരിച്ച് ഓരോ മേഖലയും ഒരു വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ വിജിലൻസ് സംവിധാനം പ്രവർത്തിച്ചു വരുന്നു. സർക്കാർ, ലാൻഡ് റവന്യൂ കമ്മീഷണർ എന്നിവർ ഏൽപ്പിക്കുന്ന പരാതികളിലും പൊതു ജനങ്ങളിൽ നിന്ന് നേരിട്ട് ലഭിക്കുന്ന പരാതികളിലും അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വിജിലൻസ് ഡെപ്യൂട്ടി കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.<br><br>ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ തന്നെ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ മൂന്ന് സെക്ഷനുകളിലായി പരിശോധന വിഭാഗം പ്രവർത്തിച്ചു വരുന്നു. ഓരോ സെക്ഷനിലും ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ജൂനിയർ സൂപ്രണ്ടുമാർ, ക്ലാർക്കുമാർ എന്നിവർ അടങ്ങുന്ന ഒരു സംഘം നിലവിലുള്ളതും ഈ ടീം കളക്ടറേറ്റുകൾ, റവന്യൂ ഡിവിഷണൽ ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ, സ്പെഷ്യൽ ഓഫീസുകൾ, വില്ലേജ് ഓഫീസുകൾ എന്നിവ യഥാസമയം പരിശോധിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട പരിശോധനകൾ നടത്തുന്നതിനായി സീനിയർ ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ സീനിയർ സൂപ്രണ്ട് സെക്ഷൻ ഹെഡ് ആയി ഒരു ആഭ്യന്തര ഓഡിറ്റ് വിംഗും പ്രവർത്തിച്ചു വരുന്നു. ഇപ്രകാരം ലാൻഡ് റവന്യൂ വകുപ്പിന്റെ കീഴിൽ വരുന്ന വില്ലേജ് ഓഫീസുകൾ ഉൾപ്പെടെയുള്ള എല്ലാ റവന്യൂ ഓഫീസുകളിലും സമഗ്ര പരിശോധന നടത്തുന്നതിന് കമ്മീഷണറേറ്റിലെ പരിശോധന വിഭാഗവും ഓഡിറ്റ് വിഭാഗവും പ്രവർത്തിച്ചു വരുന്നുണ്ട്.<br><br>ജില്ലകളിൽ ഒരു സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് പേരിൽ ഒരു സെക്ഷൻ പ്രവർത്തിച്ചു വരുന്നതും ജില്ലയ്ക്ക് അകത്ത് വരുന്ന മുഴുവൻ റവന്യൂ ഓഫീസുകളിലും പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഈ ടീമിന് അധികാരമുണ്ട്.<br><br>കൂടാതെ താലൂക്ക് തലത്തിൽ ഡെപ്യൂട്ടി തഹസീൽദാരുടെ നേതൃത്വത്തിൽ ഒരു പരിശോധന വിഭാഗവും സജീവമായി പ്രവർത്തിക്കുന്നതും വില്ലേജ് ഓഫീസ് ജീവനക്കാർക്കെതിരെ ലഭിക്കുന്ന പരാതികളിന്മേൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നതും ഗൗരവകരമായ സംഗതികളിന്മേൽ അച്ചടക്ക നടപടി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അഴിമതി വിവരം വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ അറിയിക്കുന്നതിന് വിജിലൻസ് അധികാരിയുടെ ഫോൺ നമ്പർ ഉൾപ്പെടെ മേൽവിലാസം കാണിക്കുന്ന ബോർഡുകൾ വില്ലേജ് ഓഫീസ് ഉൾപ്പെടെ എല്ലാ റവന്യൂ ഓഫീസുകളിലും സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ